# കേരള കാർഷിക സർവ്വകലാശാല

കാർഷിക കോളേജ്, പടന്നക്കാട്.പി.ഒ, കാസറഗോഡ് ജില്ല

പിൻ: 671314, കേരളം

നമ്പർ:ജി2-4410/2022(റ) 　　　　　　　　　　　　തീയതി: 16.10.2023

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന്റെ ഭാഗമായ പടന്നക്കാട്, കരുവാച്ചേരി എന്നീ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റുകളിലേക്ക് ആവശ്യമായ പാതി ഉണങ്ങിയ ചാണകം കരാർ പ്രകാരം എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഒരു ടൺ ചാണകം ഫാമിലെത്തിച്ച് സൗകര്യപ്രദമായ സ്ഥലത്ത് ഇറക്കിത്തരുന്നതിനുള്ള നിരക്ക് വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്–671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് കാർഷിക കോളേജ് ഫാമുകളിലേക്ക് ചാണകം നൽകുന്നതിനുള്ള ദർഘാസ് എന്നെഴുതണം. ദർഘാസിനോടൊപ്പം 5,000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഉറപ്പിക്കുന്ന ക്വട്ടേഷന്റെ മൊത്തം തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡിപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 26.10.2023 ഉച്ചക്ക് ശേഷം 3.00 മണി വരെയാണ്. അന്നു തന്നെ 3.30 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം ചാണകം എത്തിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. സർക്കാർ നിരക്ക് പ്രകാരമുള്ള വരുമാന നികുതി ഈടാക്കുന്നതാണ്.

ദർഘാസ് സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ 0467 2280616.

ഒപ്പ്/-

**ഡോ. ടി സജിതാ റാണി**

ഡീൻ

**സ്വീകർത്താവ്:-**

നോട്ടീസ് ബോർഡ്-ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് I/II/കോളേജ്
വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)

**പകർപ്പ് :-**

1. ഡോ. കെ.എം ശ്രീകുമാർ, പ്രൊഫസർ & ഓഫീസർ i/c, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I
2. ശ്രീമതി.രേഖ എം, ഫാം മാനേജർ ഗ്രേഡ് -I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I
3. ശ്രീ.അനൂജ് എസ് എസ്, അസി. പ്രൊഫസർ & ഓഫീസർ i/c, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് -II
4. ശ്രീ.രതീഷ്.പി, ഫാം സൂപ്രണ്ട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –II
5. എ2 സെക്ഷൻ
6. പർചെയ്സ് കമ്മിറ്റി

**// അംഗീകാരത്തോടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ